നമ്പർ. LCO/587/2024 E(4)

ലേബർ കമ്മീഷണറുടെ കാര്യാലയം
തൊഴിൽ ഭവൻ, വികാസ് ഭവൻ പി.ഒ.,
തിരുവനന്തപുരം – 695 033.
തീയതി :01-07-2024
esectionlcoffice@gmail.com

ലേബർ കമ്മീഷണർ

തിരുവനന്തപുരം

1. ശ്രീ. അനിൽകുമാർ.ബി
   അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ് Ⅰ ,
   ജില്ലാ ലേബർ ഓഫീസ്, കൊല്ലം
2. ശ്രീമതി. ലക്ഷ്മി.റ്റി
   അസിസ്റ്റന്റ് ലേബർ ഓഫീസർ, അടൂർ
3. ശ്രീ. അമ്പാടി.ആർ
   അസിസ്റ്റന്റ് ലേബർ ഓഫീസർ, ആറ്റിങ്ങൽ
4. ശ്രീ.മനോജ്.പി.കെ
   അസിസ്റ്റന്റ് ലേബർ ഓഫീസ്,
   കൊച്ചി ഒന്നാം സർക്കിൾ, എറണാകുളം
5. ശ്രീ സിനു. എസ്. നായർ
   സീനിയർ ക്ലാർക്ക്, ജില്ലാ ലേബർ ഓഫീസ്, തിരുവനന്തപുരം
6. ശ്രീമതി. മഞ്ജു റ്റി കെ,
   ക്ലാർക്ക്, അസിസ്റ്റന്റ് ലേബർ ഓഫീസ്, കോതമംഗലം
7. ശ്രീ. ഷാനവാസ്. ടി.എസ്
   സീനിയർ ക്ലാർക്ക്,
   ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻ കാര്യാലയം, വണ്ടൻമേട്
8. ശ്രീ അനു.ആർ
   ക്ലാർക്ക്,
   റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണറുടെ കാര്യാലയം, കൊല്ലം
9. ശ്രീ മിർഷാ ഷറഫ് അലി
   സീനിയർ ക്ലാർക്ക്,
   ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസ്, മഞ്ചേരി
10. ശ്രീമതി ജയലക്ഷ്മി.എസ്
    സീനിയർ ക്ലാർക്ക്, ജില്ലാ ലേബർ ഓഫീസ്, എറണാകുളം

11. ശ്രീമതി ദിവ്യ ദിവാകർ,
സീനിയർ ക്ലാർക്ക്, റീജിയണൽ
ജോയിന്റ് ലേബർ കമ്മീഷണറുടെ കാര്യാലയം, എറണാകുളം
12. ശ്രീ അഥർവ്വ് സജീവൻ
സീനിയർ ക്ലാർക്ക് അസിസ്റ്റന്റ് ലേബർ ഓഫീസ്, തൊടുപുഴ

13. ശ്രീ എം. എസ്. സജയ കുമാർ
ക്ലാർക്ക്,
ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻ, നെടുമങ്ങാട്

14. ശ്രീ. പ്രദീപ്.വി
സീനിയർ ക്ലാർക്ക്
പ്ലാന്റേഷൻസ് ഇൻസ്പെക്ടറുടെ കാര്യാലയം, മൂന്നാർ

15. ശ്രീമതി. ജയലക്ഷമി കളരിക്കൽ,
സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ്,
ജില്ലാ ലേബർ ഓഫീസ്, പാലക്കാട്

16. ശ്രീമതി.സോമ.പി.പി
സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ്
ജില്ലാ ലേബർ ഓഫീസ്, വയനാട്

17. ശ്രീ.ഹിഷാം.എച്ച്.എസ്
യു.ഡി. ടൈപ്പിസ്റ്റ്
ജില്ലാ ലേബർ ഓഫീസ്, തിരുവനന്തപുരം

18. ശ്രീ. ഷൈൻ.സി.കെ
സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ്
ജില്ലാ ലേബർ ഓഫീസ്, കോഴിക്കോട്

19. ശ്രീമതി. അംജും അക്കരപറമ്പൻ
സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ്
ജില്ലാ ലേബർ ഓഫീസ്, കോഴിക്കോട്

20. ശ്രീമതി. ഹബീബ വി എ
യു ഡി ടൈപ്പിസ്റ്റ്,
ജില്ലാ ലേബർ ഓഫീസ്, പാലക്കാട്

സർ,

വിഷയം :- തൊഴിൽ വകുപ്പ് - സർക്കാർ ജീവനക്കാരുടെ 2024 വർഷത്തെ പൊതുസ്ഥലംമാറ്റം – കരട് സ്ഥലമാറ്റ പട്ടികയിന്മേലുള്ള ആക്ഷേപങ്ങൾ / പരാതികൾ തീർപ്പാക്കുന്നത് - സംബന്ധിച്ച്.

വായന :- 1) ലേബർ കമ്മീഷണറുടെ 16/05/2024 തീയതിയിലെ 08/2024 നമ്പർ സർക്കുലർ.

2) ലേബർ കമ്മീഷണറുടെ 6/06/2024 തീയതിയിലെ എൽ.സി ഒ 587/2024(ഇ4) നമ്പർ സർക്കുലർ

3) എറണാകുളം ജില്ലാ ലേബർ ഓഫീസറുടെ 10.06.2024 തീയതിയിലെ ഇ 5298/2024 നമ്പർ കത്ത്

4) ഇടുക്കി ജില്ലാ ലേബർ ഓഫീസറുടെ 13.06.2024 തീയതിയിലെ ബി1 -1936/2024 നമ്പർ കത്ത്

5) ഇടുക്കി ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ പ്രിസൈഡിംഗ് ഓഫീസറുടെ 13.06.2024 തീയതിയിലെ ഇ 237/24 നമ്പർ കത്ത്

5) ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻ, നെടുമങ്ങാടിന്റെ 13.06.2024 തീയതിയിലെ 60/2024 നമ്പർ കത്ത്

6) പാലക്കാട് ജില്ലാ ലേബർ ഓഫീസറുടെ 14.06.2024 തീയതിയിലെ എ 1662/2024 നമ്പർ കത്ത്

7) പ്ലാന്റേഷൻ ചീഫ് ഇൻസ്പെക്ടറുടെ 14.06.2024 തീയതിയിലെ CIP/313/2024/A1 നമ്പർ കത്ത്

8) കോഴിക്കോട് ജില്ലാ ലേബർ ഓഫീസറുടെ 10.06.2024 തീയതിയിലെ എ 1264/2024 നമ്പർ കത്ത്

9) കൊല്ലം ജില്ലാ ലേബർ ഓഫീസറുടെ 12.06.2024 തീയതിയിലെ DLO/KLM/72/2024-E നമ്പർ കത്ത്

10) എറണാകുളം ജില്ലാ ലേബർ ഓഫീസറുടെ 10.06.2024, 11.06.2024 തീയതികളിലെ ഇ1-1395/2024 നമ്പർ കത്തുകൾ

11) എറണാകുളം റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണറുടെ 13.06.2024 തീയതിയിലെ എ-1327/2024 നമ്പർ കത്ത്

12) ആറ്റിങ്ങൽ അസിസ്റ്റന്റ് ലേബർ ഓഫീസർ ശ്രീ അമ്പാടി ആർ ന്റെ 13.06.2024 തീയതിയിലെ കത്ത്

13) തിരുവനന്തപുരം ജില്ലാ ലേബർ ഓഫീസറുടെ 12.06.2024, 15.06.2024 തീയതികളിലെ എഇ 8380/2016 നമ്പർ കത്തുകൾ

14) വയനാട് ജില്ലാ ലേബർ ഓഫീസറുടെ 24.05.2024 തീയതിയിലെ എ 1525/24 നമ്പർ കത്ത്

15) നെടുങ്കണ്ടം പ്ലാന്റേഷൻ ഇൻസ്പെക്ടറുടെ 12.06.2024 തീയതിയിലെ 152/2024 നമ്പർ കത്ത്

16) കൊല്ലം റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണറുടെ 12.06.2024 തീയതിയിലെ ഇ 838/24 നമ്പർ കത്ത്

17) അടൂർ അസിസ്റ്റന്റ് ലേബർ ഓഫീസർ ശ്രീമതി ലക്ഷ്മി റ്റി യുടെ 10.06.2024 തീയതിയിലെ E-451620 നമ്പർ കത്ത്

തൊഴിൽ വകുപ്പിലെ ജീവനക്കാരുടെ 2024 വർഷത്തെ പൊതു സ്ഥലംമാറ്റത്തിനായി അപേക്ഷകൾ വായന (1) സർക്കുലർ പ്രകാരം ഓൺലൈനായി ക്ഷണിക്കുകയും കരട് സ്ഥലംമാറ്റ പട്ടിക വായന (2) പ്രകാരം പ്രസിദ്ധീകരിക്കുകയും ചെയ്യുകയുണ്ടായി. ആയതിനെതിരേ വായന (3) മുതൽ (17) വരെയുള്ള കത്തുകൾ പ്രകാരം ഈ കാര്യാലയത്തിൽ ലഭ്യമായ ആക്ഷേപങ്ങൾ/പരാതികൾ എന്നിവയിന്മേൽ ചുവടെ ചേർക്കും പ്രകാരം നടപടി സ്വീകരിച്ച് തീർപ്പാക്കിയിട്ടുള്ള വിവരം അറിയിക്കുന്നു.

**അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ് 1**

| ക്രമ നം. | പേരും നിലവിലെ ഓഫീസും | കരട് പട്ടിക പ്രകാരം സ്ഥലംമാറ്റപ്പെട്ട ഓഫീസ് | ഉന്നയിച്ച ആക്ഷേപം | സ്വീകരിച്ച നടപടി / അഭിപ്രായം |
|---|---|---|---|---|
| 1 | അനിൽകുമാർ.ബി അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ്1, കൊല്ലം | - | പത്തനാപുരം ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസ് ഓഫീസിലെ ഓപ്പൺ വേക്കൻസിലാണ് അപേക്ഷ സമർപ്പിച്ചത്. കരട് പട്ടികയിൽ ജില്ലക്കുള്ളിലെ സ്ഥലംമാറ്റം പരിഗണിച്ചില്ല. അന്തർ ജില്ലാ സ്ഥലംമാറ്റമാണ് പരിഗണിക്കപ്പെട്ടിട്ടുള്ളത്. | ശ്രീ. അനിൽകുമാർ.ബി 17.11.2022 മുതൽ നിലവിലെ ഓഫീസിൽ തുടരുന്നു. പത്തനാപുരം ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻ ഓഫീസിലേക്ക് ഓപ്ഷൻ സമർപ്പിച്ച അപേക്ഷകരിൽ ആരും നിലവിലെ സ്റ്റേഷനിൽ മൂന്നും വർഷം പൂർത്തിയാക്കിയവരല്ല. Out station service, difficult area service എന്നിവ പരിഗണിച്ച് കേഡർ വൈസ് റാങ്ക് ലിസ്റ്റിൽ ഒന്നാമതായി വന്നിട്ടുള്ള ആൾക്കാണ് പ്രസ്തുത ഓഫീസിലേയ്ക്ക് കരട് പട്ടിക പ്രകാരം സ്ഥലംമാറ്റം ലഭിച്ചത്. പ്രയോരിറ്റി ലിസ്റ്റ് പ്രകാരം |

| | | | | |
|---|---|---|---|---|
| | | | | ശ്രീ. അനിൽകുമാർ.ബി 3-ാം സ്ഥാനത്താണ്. ആയതിനാൽ ടിയാന്റെ അപ്പീൽ പരിഗണിക്കാൻ കഴിയില്ല. |

**അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ് 2**

| ക്രമ നം. | പേരും നിലവിലെ ഓഫീസും | കരട് പട്ടിക പ്രകാരം സ്ഥലംമാറ്റപ്പെട്ട ഓഫീസ് | ഉന്നയിച്ച ആക്ഷേപം | സ്വീകരിച്ച നടപടി / തീരുമാനം |
|---|---|---|---|---|
| 1 | ലക്ഷ്മി.റ്റി, അസിസ്റ്റന്റ് ലേബർ ഓഫീസർ, അടൂർ | - | 2019 മുതൽ അടൂർ അസിസ്റ്റന്റ് ലേബർ ഓഫീസിൽ ജോലി ചെയ്യുന്നു. ഹോം സ്റ്റേഷനായ കൊല്ലം ജില്ലയിലേയ്ക്ക് അപേക്ഷ സമർപ്പിച്ചിരുന്നു. 24.05.2024 - ലെ ലേബർ കമ്മീഷണറുടെ ഉത്തരവ് പ്രകാരം ശ്രീമതി.രമ്യ.സി.കെ യെ കൊല്ലം ഒന്നാം സർക്കിൾ അസി.ലേബർ ഓഫീസിലെ ഓപ്പൺ വേക്കൻസിയിൽ നിയമിച്ചതു മൂലം തന്റെ അപേക്ഷ പരിഗണിക്കപ്പെട്ടില്ല. പൊതുസ്ഥലമാറ്റം നടക്കുമ്പോൾ മറ്റ് സ്ഥലംമാറ്റം പാടില്ലാത്ത അവസരത്തിലാണ് ശ്രീമതി.രമ്യ.സി.കെ യെ പ്രസ്തുത ഓഫീസിൽ നിയമിച്ചത്. താൻ അപേക്ഷിച്ചിട്ടുള്ള ഓഫീസുകളിൽ ഏതെങ്കിലും ഒന്നിൽ സ്ഥലംമാറ്റം നൽകണം. | അവധിക്കു ശേഷം ജോലിയിൽ തിരികെ പ്രവേശിക്കുന്നതിനായി റിപ്പോർട്ട് ചെയ്ത ശ്രീമതി.രമ്യ.സി.കെ യ്ക്ക് ഒഴിവുണ്ടായിരുന്ന കൊല്ലം ഒന്നാം സർക്കിൾ അസി.ലേബർ ഓഫീസിൽ നിയമനം നൽകിയിരുന്നു. അവധിക്കുശേഷം വകുപ്പിൽ മടങ്ങിയെത്തുന്ന ജീവനക്കാരിയ്ക്ക് നിയമനം നൽകേണ്ടത് വകുപ്പ് മേധാവിയുടെ ചുമതലയാണ്. അപ്പീൽ പരിഗണിക്കാൻ കഴിയില്ല. |

| | | | | |
|---|---|---|---|---|
| | | | | |
| 2. | അമ്പാടി.ആർ അസി.ലേ.ഓഫീസ്, ആറ്റിങ്ങൽ | | ഹോം സ്റ്റേഷനായ കൊല്ലം ജില്ലയിലേയ്ക്ക് അപേക്ഷ സമർപ്പിച്ചിരുന്നു. 24.05.2024 - ലെ ലേബർ കമ്മീഷണറുടെ ഉത്തരവ് പ്രകാരം ശ്രീമതി.രമ്യ.സി.കെ യെ കൊല്ലം ഒന്നാം സർക്കിൾ അസി. ലേബർ ഓഫീസിലെ ഓപ്പൺ വേക്കൻസിയിൽ നിയമിച്ച് ഉത്തരവായിരുന്നു. പൊതു സ്ഥലംമാറ്റത്തിന് അപേക്ഷ ക്ഷണിച്ചിരിക്കുമ്പോൾ മറ്റ് സ്ഥലംമാറ്റം നടത്തുവാൻ പാടില്ലാത്ത അവസരത്തിൽ ശ്രീമതി.രമ്യ.സി.കെ യെ പ്രസ്തുത ഓഫീസിൽ നിയമിച്ചതിനാൽ തനിയ്ക്ക് അർഹമായ പ്രയോരിറ്റി ലഭിക്കാതെ വന്നു. ടി ഉത്തരവ് പുനഃ പരിശോധിക്കുകയും ടിയാരിയുടെ നിയമനം Provisional ആക്കുകയും ചെയ്യണം. | 02/08/2021 മുതൽ ടി സ്റ്റേഷനിൽ തുടരുന്നു. ടിയാൻ നിലവിലെ സ്റ്റേഷനിൽ മൂന്ന് കൊല്ലം പൂർത്തിയാക്കിയില്ല. അവധിക്കു ശേഷം ജോലിയിൽ തിരികെ പ്രവേശിക്കുന്നതിനായി റിപ്പോർട്ട് ചെയ്ത ശ്രീമതി.രമ്യ.സി.കെ യ്ക്ക് ഒഴിവുണ്ടായിരുന്ന കൊല്ലം ഒന്നാം സർക്കിൾ അസി.ലേബർ ഓഫീസിൽ നിയമനം നൽകിയിരുന്നു. അവധിക്കുശേഷം വകുപ്പിൽ മടങ്ങിയെത്തുന്ന ജീവനക്കാരിയ്ക്ക് നിയമനം നൽകേണ്ടത് വകുപ്പ് മേധാവിയുടെ ചുമതലയാണ്. പ്രൊവിഷണലായി സ്ഥലംമാറ്റം നൽകുന്നതിന് കഴിയുന്നതല്ല. അപ്പീൽ പരിഗണിക്കാൻ കഴിയില്ല. |

| | | | | |
|---|---|---|---|---|
| 3. | മനോജ്.പി.കെ, അസിസ്റ്റന്റ് ലേബർ ഓഫീസ്, എറണാകുളം ഒന്നാം സർക്കിൾ | അസി.ലേ. ഓഫീസ്, അങ്കമാലി | അങ്കമാലി അസിസ്റ്റന്റ് ലേബർ ഓഫീസിലേയ്ക്കുള്ള സ്ഥലംമാറ്റം ഒഴിവാക്കി നിലവിലെ ഓഫീസിൽ തുടരാൻ അനുവദിക്കണം. | എറണാകുളം ഒന്നാം സർക്കിൾ അസിസ്റ്റന്റ് ലേബർ ഓഫീസിലേയ്ക്ക് കരട് പട്ടിക പ്രകാരം ആർക്കും സ്ഥലംമാറ്റം ലഭിച്ചിട്ടില്ലാത്തതിനാലും, ടിയാനെ ഓഫീസിൽ തുടരാൻ അനുവദിക്കണമെന്ന ജില്ലാ ലേബർ ഓഫീസറുടെ ശിപാർശയുടെ അടിസ്ഥാനത്തിലും ടി ഓഫീസിൽ തുടരുന്നതിന് അനുവദിക്കുന്നു. |

**<u>ക്ലർക്ക്</u>**

| ക്രമ | പേരും നിലവിലെ ഓഫീ | കരട് പട്ടിക പ്രകാരം സ്ഥ | | |
|---|---|---|---|---|

| നം. | സും | ലംമാറ്റപ്പെട്ട ഓഫീസ് | ഉന്നയിച്ച ആക്ഷേപം | സ്വീകരിച്ച നടപടി / അഭിപ്രായം |
|---|---|---|---|---|
| 1 | മഞ്ജു റ്റി ക ൊ, ക്ലാർക്ക്, അ സി. ലേ ഓഫീസ്, കോതമംഗലം | ജില്ലാ ലേബർ ഓഫീസ്, എറണാകുളം | വീട്ടിൽ നിന്നും 50കി മീ ദൂരമുണ്ട്. 2 വയസിൽ താഴെയുള്ള ഇരട്ടകുട്ടികളെയും പ്രായമായ അമ്മയ െയും സംരക്ഷിണം | 01.11.2018 മുതൽ നിലവിലെ സ്റ്റേഷനിൽ തുടരുന്നു. ടി സ്റ്റേഷനിലേയ്ക്ക് സ്ഥലംമാറ്റ അപേക്ഷ ഉള്ളതിനാൽ അപ്പീൽ പരിഗണിക്കുവാൻ നിർവ്വാഹമില്ല. ടി ഓഫീസിലേയ്ക്ക് സ്ഥല ംമാറ്റത്തിനായി കരട് പട്ടികയിൽ ഉൾപ്പെട്ട ശ്രീമതി റഹ്മത്ത് ഇ ബി ക്ക് 2499 ദിവസത്തെ out station service ഉള്ളതായി കാണുന്നു. |
| 2 | സിനു എസ് നായർ, സീനിയർ ക്ലാർക്ക്, ജില്ലാ ലേബർ ഓഫീസ്, തിരുവനന്തപുരം | പ്ലാന്റേഷൻ ഇൻസ്പെക്ടറുടെ കാര്യാലയം, നെടുമങ്ങാട്, | 03.02.2016 മുതൽ നിലവിലെ സ്റ്റേഷനിൽ തുടരുന്നു. കരട് പട്ടിക പ്രകാര ം നെടുമങ്ങാട് പ്ലാന്റേഷൻ ഇൻസ്പെക്ടറുടെ ക ാര്യാലയത്തിലേക്ക് സ്ഥലംമാറ്റം അനുവദിക്കണം | അപേക്ഷ പ്രകാരം സ്ഥലംമാറ്റം ലഭിച്ചിട്ടുണ്ട്. |
| 3 | ഷാനവാസ്. ടി.എസ്, സീനിയർ ക്ലാർക്ക്, ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസിന്റെ കാര്യാലയം, വണ്ടൻമേട് | ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ, ഇടുക്ക ി | 06.08.2019 മുതൽ നിലവിലെ സ്റ്റേഷനിൽ ജോലി ചെയ്തുവരുന്നു. കാഴ്ച പരിമിതിയുള്ള ആളാണ് (45%). നിലവിലെ സ്ഥലംമാറ്റത്തിൽ നിന്ന് ഒഴിവാക്കണം. മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ പകർപ്പ് ഉള്ളടക്കം ചെയ്തിട്ടുണ്ട്. | ഇടുക്കി ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിൽ സ്ഥലംമാറ്റി നിയമിച്ചിരുന്ന ശ്രീമതി. സൂസി എന്ന ക്ലർക്കിന്റെ നിയമനം സംബന്ധിച്ച് SPARK ൽ വേണ്ട രേഖപ്പെടുത്തലുകൾ വരുത്താതിരുന്നതിനാലാണ് ശ്രീ. ഷാനവാസ് ഇവിടേയ്ക്ക് സ്ഥലംമാറ്റത്തിന ായി കരട് പട്ടികയിൽ ഉൾപ്പെട്ടത്. ടി അപാകത പരിഹരിച്ചിട്ടുണ്ട്. ടിയാന് നിലവിൽ ഇടുക്കി ജില്ലാ ലേബർ ഓഫീസിലേക്ക് സ്ഥലംമാറ്റം ലഭിച്ചിട്ടുണ്ട്. 29.08.2017 ലെ സ.ഉ(കൈ) നം. 18/2017/ഉ.ഭ.പ.വ, 16.05.2024 ലെ സ.ഉ(കൈ) നം. 4/2024/ഉ.ഭ.പ.വ നമ്പർ ഉത്തരവുകളുട െ അടിസ്ഥാനത്തിൽ അപ്പീൽ പരിഗണിക്കാൻ കഴിയില്ല. |
| 4 | അനു.ആർ, ക്ലാർക്ക്, റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണറുടെ കാര്യാലയം, കൊല്ലം | - | 5 വർഷത്തിലധികമായ നിലവിലെ ഓഫീസിൽ തുടരുന്നു. പുനലൂർ / ശാസ്താംകോട്ട അസിസ്റ്റന്റ് ലേബർ ഓഫീസിലേയ്ക്ക് അപേക്ഷിച്ചിരുന്നു. ആയത് പരിഗണിച്ചില്ല. | 01.09.2018 മുതൽ നിലവിലെ സ്റ്റേഷനിൽ തുടരുന്നു. പുനലൂർ അസി. ലേ ഓഫീസിലെ ഒഴിവ് പി എസ് സി യ്ക്ക് റിപ്പോർട്ട് ചെയ്തതിനാലാണ് ടിയാൾക്ക് പ്രസ്തുത ഒഴിവിൽ കരട് പട്ടിക പ്രകാരം സ്ഥലംമാറ്റം ലഭിക്ക ാത്തത്. ടിയാൾക്ക് പുനലൂർ അസിസ്റ്റന്റ് ലേബർ ഓഫീസിൽ സ്ഥലംമാറ്റം അനുവദിക്കുന്നതും പി എസ് സി യിൽ നിന്നും നിയമന ശിപാർശ ലഭിക്കുന്ന ഉദ്യോഗാർത്ഥിക്ക് കൊല്ലം RJLC ഓഫീസിൽ നിയമനം **നൽകുന്നതുമാണ്.** |
| | മിർഷാ ഷറഫ് അലി, | | | നിലവിലെ ഓഫീസിൽ 04.02.2021 |

| | | | | |
|---|---|---|---|---|
| 5 | സീനിയർ ക്ലാർക്ക്, ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസ് ഓഫീസ്, മഞ്ചേരി | റീജിയണൽ ജജോയിന്റ് ലേബർ കമ്മീഷണറുടെ കാര്യാലയം, എറണാകുളം | അൻപത് ശതമാനം ഭിന്നശേഷിയുള്ള ജീവനക്കാരനാണ്. ഭിന്നശേഷി സംബന്ധിച്ച് സർട്ടിഫിക്കറ്റ് സ്പാർക്കിൽ അപ് ലോഡ് ചെയ്തിട്ടുണ്ടായിരുന്നു. | മുതൽ സേവനമനുഷ്ഠിക്കുന്നു. 29.08.2017 ലെ സ.ഉ(കൈ) നം. 18/2017/ഉ.ഭ.പ.വ, 16.05.2024 ലെ സ.ഉ(കൈ) നം. 4/2024/ഉ.ഭ.പ.വ നമ്പർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ അപ്പീൽ പരിഗണിക്കാൻ കഴിയില്ല. |
| 6 | പ്രദീപ്.വി സീനിയർ ക്ലാർക്ക് പ്ലാന്റേഷൻസ് ഇൻസ്പെക്ടറുടെ കാര്യാലയം മൂന്നാർ | - | വിരമിക്കുന്നതിന് 11 മാസം മാത്രമേ ബാക്കിയുള്ളൂ. വണ്ടൻമേട് പ്ലാന്റേഷൻസ് ഇൻസ്പെക്ടർ ഓഫീസിലെ ക്ലാർക്ക് 4 വർഷമായി തുടരുന്നു. പ്രസ്തുത ഓഫീസിലേയ്ക്ക് സ്ഥലംമാറ്റ അപേക്ഷ സമർപ്പിച്ചിട്ടും ലഭിച്ചില്ല. | നിലവിലെ സ്റ്റേഷനിൽ 03.11.2023 തീയതി മുതൽ തുടരുന്നു. ടിയാൻ ആവശ്യപ്പെട്ട സ്റ്റേഷനിൽ Open vacancy ഇല്ലാത്തതിനാലും നിലവിലെ സ്റ്റേഷനിൽ 3 വർഷം പൂർത്തിയാക്കാത്തതിനാലും അപേക്ഷ പരിഗണിക്കാൻ കഴിയില്ല. |
| 7 | ജയലക്ഷ്മി. എസ്, സീനിയർ ക്ലാർക്ക്, ജില്ലാ ലേബർ ഓഫീസ്, എറണാകുളം | ജില്ലാ ലേബർ ഓഫീസ്, ആലപ്പുഴ | ടിയാരിയേക്കാൾ സീനിയോറിറ്റി ഉള്ള ജീവനക്കാർ ടി ഓഫീസിൽ ഉണ്ട്. കടുത്ത പ്രമേഹരോഗിയും വെരിക്കോസ് വെയിനിന്റെ അസുഖവും ഉള്ളതിനാൽ ആലപ്പുഴ ജില്ലാ ലേബർ ഓഫീസിലെ പടികൾ കയറാൻ കഴിയില്ല. 31.12.2026 ൽ സർവ്വീസിൽ നിന്നും വിരമിക്കുന്നതിനാൽ സ്ഥലംമാറ്റത്തിൽ നിന്നും ഒഴിവാക്കണം. | നിലവിലെ ഓഫീസിൽ 01.07.2013 മുതൽ തുടരുന്നു. സ്പാർക്കിലെ രേഖകൾ പ്രകാരം ടിയാരിയാണ് ടി സ്റ്റേഷനിലെ സീനിയർ. ടി ഓഫീസിൽ മറ്റ് സ്ഥലം മാറ്റ അപേക്ഷകൾ ഉള്ളതിനാൽ അപ്പീൽ പരിഗണിക്കുവാൻ നിർവ്വാഹമില്ല.<br>ടിയാരിയുടെ ആരോഗ്യസ്ഥിതി സംബന്ധിച്ച മെഡിക്കൽ സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടില്ല. കൂടാതെ ടിയാരി അപേക്ഷയിൽ പരാമർശിച്ചിട്ടുള്ള രോഗങ്ങൾ സ്ഥലംമാറ്റത്തിനായുള്ള സർക്കാർ മാർഗ്ഗനിർദ്ദേശങ്ങളിൽ പരാമർശിക്കുന്ന ഗുരുതര രോഗങ്ങളിൽ ഉൾപ്പെട്ടതല്ല. ആയതിനാൽ പ്രത്യേക പരിരക്ഷ അർഹിക്കുന്നില്ല. |
| 8 | ദിവ്യ ദിവാകർ, സീനിയർ ക്ലാർക്ക്, ആർ.ജെ.എൽ.സി, എറണാകുളം | അസി.ലേബർ ഓഫീസ്, തൊടുപുഴ | ഈ ഓഫീസിലേയ്ക്ക് മറ്റ് ജില്ലയിലെ സീനിയർ ക്ലാർക്കമാർ ആരെങ്കിലും അപേക്ഷിക്കുമോ എന്ന ധാരണയിലാണ് സ്ഥലംമാറ്റത്തിന് അപേക്ഷ നൽകിയത്. സ്ഥലംമാറ്റം റദ്ദ് ചെയ്യണം. | ടിയാരിയുടെ അപേക്ഷ പ്രകാരമാണ് സ്ഥലംമാറ്റം അനുവദിക്കപ്പെട്ടത്. കരട് പട്ടിക പ്രകാരം എറണാകുളം RJLC യിലേക്ക് മറ്റൊരാൾക്ക് സ്ഥലംമാറ്റം ലഭിച്ചിട്ടുണ്ട്. ആയതിനാൽ സ്ഥലംമാറ്റം റദ്ദ് ചെയ്യുവാൻ സാധിക്കുന്നതല്ല. |
| 9 | അഥർവ്വ് സജീവൻ, സീനിയർ ക്ലാർക്ക്, അസി.ലേ ഓഫീസ്, തൊ | ഡെപ്യൂട്ടി ലേബർ ഓഫീസ്, മൂന്നാർ | ഭാര്യ തൊടുപുഴ റേഞ്ച് ഫോറസ്റ്റ് ഓഫീസിലാണ്, മിശ്ര വിവാഹിതനാണ്, ബുദ്ധിമാന്ദ്യമുള്ള പിതൃ സഹോദരി തന്റെ സംരക്ഷണയിലാണ്. | 12.03.2019 മുതൽ നിലവിലെ സ്റ്റേഷനിൽ സേവനമനുഷ്ഠിക്കുന്നു. നിലവിലെ സ്റ്റേഷനിൽ 5 വർഷം പൂർത്തിയായതിനാൽ മറ്റ പരിരക്ഷ അർഹിക്കുന്നില്ല. ആയതിനാൽ അപ്പീൽ പരിഗണിക്കുവാൻ നിർവ്വാഹമില്ല |

| | | | | |
|---|---|---|---|---|
| | ട്ടുപുഴ | | | |
| 10 | എം എസ് സജയ കുമാർ, ക്ലാർക്ക്, ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻ, നെടുമങ്ങാട് | ഡെപ്യൂട്ടി ലേബർ കമ്മീഷണറുടെ കാര്യാലയം, തിരുവനന്തപുരം | ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 10.06.2024 തീയതിയിലെ OA 886/2024 ലെ ഉത്തരവ് പ്രകാരം ടിയാന്റെ അപേക്ഷ പരിഗണിക്കണമെന്ന് ഉത്തരവായിട്ടുണ്ട്. ആയതിനാൽ അന്തിമ പട്ടികയിൽ ഉൾപ്പെടുത്തണം | 01.07.2019 മുതൽ നിലവിലെ സ്റ്റേഷനിൽ തുടരുന്നു. OA 886/2024 നമ്പർ ഹർജിയിലെ ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രിബൂണലിന്റെ 10.06.2024 തീയതിയിലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്ഥലംമാറ്റം അനുവദിക്കുന്നതാണ്. |

**ടൈപ്പിസ്റ്റ്**

| ക്രമനം. | പേരും നിലവിലെ ഓഫീസും | കരട് പട്ടിക പ്രകാരം സ്ഥലംമാറ്റപ്പെട്ട ഓഫീസ് | ഉന്നയിച്ച ആക്ഷേപം | സ്വീകരിച്ച നടപടി / അഭിപ്രായം |
|---|---|---|---|---|
| 1 | ജയലക്ഷമി കളരിക്കൽ, സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ്, ജില്ലാ ലേബർ ഓഫീസ്, പാലക്കാട് | ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ, കോഴിക്കോട് | കരട് പൊതു സ്ഥലമാറ്റ ഉത്തരവ് പ്രകാരം കോഴിക്കോട് ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിലേയ്ക്ക് സ്ഥലംമാറ്റം അനുവദിച്ചിട്ടുണ്ട്. പ്രസ്തുത ഓഫീസിൽ ലേബർ കമ്മീഷണറുടെ 06.06.2024 തീയതിയിലെ ഉത്തരവ് പ്രകാരം ശ്രീ.ഉമേഷ് കുമാറിനെ നിയമിച്ചിട്ടുണ്ട്. തന്റെ പാലക്കാട് ജില്ലയിലേയ്ക്കുള്ള സ്ഥലംമാറ്റം നിർബന്ധിത സ്ഥലംമാറ്റം ആയിരുന്നു. കോഴിക്കോട് ജില്ലയിൽ പ്രവർത്തന കാലം ദൈർഘ്യം കൂടുതലുള്ള ടൈപ്പിസ്റ്റിനെ സ്ഥലംമാറ്റി ശ്രീ.ഉമേഷിനെ നിയമിക്കേണ്ടതായിരുന്നു. ടി ഉത്തരവ് പുനപരിശോധിച്ച് കോഴിക്കോട് ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിലെ ഒഴിവ് ഓപ്പൺ വേക്കൻസിയായി പരിഗണിച്ച് തനിയ്ക്ക് സ്ഥലംമാറ്റം അനുവദിക്കണം. | കരട് പട്ടിക പ്രകാരം കോഴിക്കോട് ജില്ലയിൽ സ്ഥലംമാറ്റം അനുവദിച്ചിട്ടുണ്ട്. |
| 2 | ശ്രീമതി.സോമ.പി.പി, സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ്, ജില്ലാ ലേബർ ഓഫീസ്, വയനാട് | ജില്ലാ ലേബർ ഓഫീസ്, കണ്ണൂർ | മൂന്നാം ക്ലാസ്സിൽ പഠിക്കുന്ന മകന് ഹൃദയ സംബന്ധമായ അസുഖത്തിന് ഓപ്പൺ ഹാർട്ട് സർജ്ജറി നടത്തിയിട്ടുണ്ട്. കൂടാതെ അമ്മയ്ക്ക് വാർദ്ധക്യ സഹജമായ അസുഖം ഉള്ളതിനാൽ ടിയാരിയുടെ സംരക്ഷണയിലുമായതിനാൽ ജനറൽ ട്രാൻസ്ഫറിൽ നിന്നും ഒഴിവാക്കണം. | അനുകമ്പാർഹമായ സാഹചര്യം പരിഗണിച്ച് നിലവിലെ സ്റ്റേഷനിൽ തുടരാവുന്നതാണ്. |
| | | | ഭാര്യയും രണ്ടര വയസ്സുമാത്രം പ്രായമുള്ള മകനും സംരക്ഷണ | |

| | | | | |
|---|---|---|---|---|
| 3 | ശ്രീ.ഹിഷാം.എച്ച്. എസ്, യു.ഡി ടൈപ്പിസ്റ്റ്, ജില്ലാ ലേബർ ഓഫീസ്, തിരുവനന്തപുരം | ഡെപ്യൂട്ടി ലേബർ ഓഫീസ്, മൂന്നാർ | യിലാണ്. നിലവിൽ യു.ഡി ടൈപ്പിസ്റ്റായി പ്രൊമോഷനായിട്ട് 10 മാസമേ ആയിട്ടുള്ളൂ. ഇതേ സ്റ്റേഷനിൽ എന്നേക്കാൾ കൂടുതൽ സീനിയോറിറ്റിയുള്ള ജീവനക്കാർ ഉണ്ടായിട്ടും അവരെ പരിഗണിക്കാതെ തിരുവനന്തപുരം സ്വദേശിയായ തന്നെ ഇടുക്കിയിലേയ്ക്ക് സ്ഥലംമാറ്റിയത് ഭേദഗതി ചെയ്ത് ഇതേ സ്റ്റേഷനിലോ അടുത്തുള്ള സ്റ്റേഷനിലോ സ്ഥലംമാറ്റം അനുവദിക്കണം. | നിലവിലെ സ്റ്റേഷനിൽ 3 വർഷം പൂർത്തിയായതിനാലും ടി ഓഫീസിലേയ്ക്ക് മറ്റ് അപേക്ഷ പ്രകാരം കരട് പട്ടികയിൽ സ്ഥലംമാറ്റം അനുവദിച്ചിട്ടുള്ളതിനാലും അപ്പീൽ പരിഗണിക്കുവാൻ നിർവ്വാഹമില്ല. |
| 4 | ഷൈൻ.സി.കെ, സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ്, ജില്ലാ ലേബർ ഓഫീസ്, കോഴിക്കോട് | ജില്ലാ ലേബർ ഓഫീസ്, പാലക്കാട് | നെന്മാറ പ്ലാന്റേഷൻസ് ഇൻസ്പെക്ടറുടെ കാര്യാലയത്തിലേയ്ക്കാണ് മാറ്റിയത്. ടി ഓഫീസിൽ ടൈപ്പിസ്റ്റിന്റെ തസ്തിക ഇല്ല. ശ്രീമതി. ശ്രീഷയ്ക്കാണ് ടി ഓഫീസിലേയ്ക്ക് സ്ഥലംമാറ്റം നൽകിയത്. ടിയാരിക്ക് സ്ഥലംമാറ്റം കിട്ടിയിട്ട് 4 മാസമേ ആയിട്ടുള്ളൂ. പിതാവ് സ്ട്രോക്ക് വന്ന് കിടപ്പ് രോഗിയാണ്. | നിലവിലെ ഓഫീസിൽ 15.02.2021 മുതൽ തുടരുന്നു. കോഴിക്കോട് ജില്ലയിൽ 27.06.2008 മുതൽ ജോലി ചെയ്യുന്നു. നെന്മാറ പ്ലാന്റേഷൻ ഓഫീസിലെ ക്ലർക്ക് ടൈപ്പിസ്റ്റ് തസ്തികയിലെ ജീവനക്കാരന്റെ സർവ്വീസ് ഹിസ്റ്ററിയിൽ എൽ ഡി ടൈപ്പിസ്റ്റായി തെറ്റായി രേഖപ്പെടുത്തിയിരുന്നതിനാലാണ് പ്രസ്തുത ഓഫീസിലേയ്ക്ക് ആദ്യം സ്ഥലംമാറ്റം അനുവദിച്ചിരുന്നത്. പ്രസ്തുത അപാകത സ്പാർക്കുമായി ബന്ധപ്പെട്ട് പരിഹരിച്ചിട്ടുണ്ട്. നിലവിൽ ശ്രീ.ഷൈൻ.സി.കെ യ്ക്ക് പാലക്കാട് ജില്ലാ ലേബർ ഓഫീസിലേയ്ക്കാണ് സ്ഥലംമാറ്റം ലഭിച്ചിട്ടുള്ളത്. പിതാവിന്റെ ആരോഗ്യസ്ഥിതി സംബന്ധിച്ച് ക്രമപ്രകാരമുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് ടിയാൻ ഹാജരാക്കിയിട്ടില്ല. |
| 5 | അംജും അക്കരപറമ്പൻ, സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ്, കോഴിക്കോട് | ജില്ലാ ലേബർ ഓഫീസ്, പാലക്കാട് | 3 വർഷം പൂർത്തിയായതിനാൽ ദൂരജില്ലയിലേയ്ക്ക് സ്ഥലംമാറ്റമോ എന്ന ഭയം മൂലമാണ് അപേക്ഷ സമർപ്പിച്ചത്. 90 വയസ്സുള്ള പിതാവും ക്യാൻസർ രോഗിയായ സഹോദരിയും സംരക്ഷണയിലാണ്. സ്ഥലംമാറ്റ അപേക്ഷ റദ്ദ് ചെയ്യണം. | അപേക്ഷ പ്രകാരമാണ് സ്ഥലംമാറ്റം അനുവദിച്ചത് എന്നതിനാൽ അപ്പീൽ അനുവദിക്കാൻ കഴിയില്ല. |

| | | | | |
|---|---|---|---|---|
| 6 | ഹബീബ വി എ യു ഡി ടൈപ്പിസ്റ്റ്, ജില്ലാ ലേബർ ഓഫീസ്, പാലക്കാട് | ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ, തൃശ്ശൂർ | അവിവാഹിതയും മാതാപിതാക്കൾ മരണപ്പെട്ട ജീവനക്കാരിയുമാണ്. ആരോഗ്യപ്രശ്നങ്ങൾ ഉള്ളതിനാൽ തൃശ്ശൂർ ജില്ലയിലേയ്ക്ക് യാത്ര ചെയ്യുന്നത് പ്രയാസകരമാണ്. | 12.10.2015 മുതൽ നിലവിലെ സ്റ്റേഷനിൽ തുടരുന്ന ു. അപ്പീൽ പരിഗണിക്കുവാൻ സാധിക്കുന്നതല്ല. |

വിശ്വസ്തതയോടെ,

Arjun Pandian IAS

LABOUR COMMISSIONER

**പകർപ്പ് –**

ബന്ധപ്പെട്ട ജീവനക്കാർക്ക് (വെബ് സൈറ്റ് മുഖേന)